ഊർധ്വമൂലമധഃ ശാഖം
അശ്വത്ഥം പ്രാഹുരവ്യയം

ഋഗ്വേദം

സത്യാനന്ദപ്രകാശികാവ്യാഖ്യാ

ഡോ. ബൃഹസ്പതി ചൈതന്യ

അഷ്ടകം 1

അദ്ധ്യായം 2- സൂക്തം 22 - മന്ത്രം 21

കാണ്വ മേധാതിഥി ഋഷി
നിചൃദ്ഗായത്രീ ഛന്ദസ്
ദേവത - വിഷ്ണു

മനുഷ്യർക്ക് ആനന്ദാമൃതം എങ്ങനെയാണ് ലഭ്യമാകുക എന്ന കാര്യം മന്ത്രം വിശദമാക്കുന്നു.

തദ്വിപ്രാസോ വിപന്യവോ

ജാഗൃവാംസഃ സമിന്ധതേ.

വിഷ്ണോര്യത്പരമം പദമ്

വിഷ്ണോഃ	-	സർവ്വവ്യാപകനായ ജഗദീശ്വരന്റെ(സൂര്യ ഭഗവാന്റെ)
യദ് പരമം പദം അസതിഃ	-	ഏതൊരു ഉത്തമ ദീപ്തിയോടു കൂടിയ സ്ഥാനമുണ്ടോ
തദ് (പദം)	-	ആ സ്ഥാനത്തെ
വിപ നൃവഃ	-	നാനാതരത്തിൽ ജഗദീശ്വരനെ പ്രശംസിക്കുന്നവരായ
ജാഗൃവാംസഃ	-	സത്കർമ്മാനുഷ്ഠാനങ്ങളിൽ ജാഗരൂകരായിരിക്കുന്നവരായ (പിഴവ് കൂടാതെ ശബ്ദസ്വരൂപം ഉൾക്കൊള്ളുന്നവരിൽ ജാഗരൂകരായ)
വിപ്രാസഃ	-	ശബ്ദതത്ത്വത്തിന്റെ ജ്ഞാനം ഉള്ളവരായ വിദ്വാന്മാർ
സംഇന്ധതേ	-	വേണ്ടപോലെ പ്രകാശമുള്ളതാക്കുന്നു. (അറിവിന് വിധേയമാക്കുന്നു)

അവിദ്യയും അധർമ്മാചരണവുമെല്ലാം ഉപേക്ഷിക്കേണ്ടതാണ്. വിദ്യ ഉൾക്കൊള്ളുന്നതിലും, ധർമ്മം ആചരിക്കുന്നതിലും മനുഷ്യർ ജാഗരൂകരായിരിക്കണം. പിഴവ് കൂടാതെ ശബ്ദത്തിന്റെയും അർത്ഥത്തിന്റെയും ചേരുവ അറിഞ്ഞ് അവ പ്രയോഗിക്കണം. ശബ്ദതത്ത്വം അറിയുന്നവനെ ബ്രഹ്മതത്ത്വം പുണരുന്നു. അവൻ തന്നെയാണ് വിദ്വാൻ. അത്തരത്തിലുള്ള വിദ്വാനു മാത്രമേ ഈശ്വര പദം പ്രദീപ്തമാക്കാനും അത് വേണ്ടുംവിധം അറിഞ്ഞ് ആനന്ദിക്കാനും പറ്റുകയുള്ളു.

വീരയുഗങ്ങളിലെ പ്രാചീനമായ ആരാദ്ധ്യമൂർത്തിയാണ് ശ്രീരാമൻ. ഉടൽ പൂണ്ട സത്യവും ധർമ്മവും, മാതൃകാപുത്രൻ, മാതൃകാഭർത്താവ്, മാതൃകാപിതാവ് എല്ലാറ്റിനും മേലെ മാതൃകാ രാജാവ് ഇങ്ങനെയാണ് വാല്മീകി മഹർഷി രാമനെ നമ്മുടെ മുമ്പിൽ അവതരിപ്പിക്കുന്നത്. രാമചരിതം ആലേഖനം ചെയ്യാൻ മഹാകവി പ്രയോഗിച്ച വാക്കുകളെക്കാൾ കൂടുതൽ പരിശുദ്ധിയും അർത്ഥനിഷ്ഠയും സൗന്ദര്യവുമുള്ള വാക്കുകൾ ഉണ്ടാവുക വയ്യ. സീതയെകുറിച്ച് എന്തു പറയട്ടെ! പോയകാലങ്ങളിൽ ലോകത്തിലുണ്ടായ സാഹിത്യം മുഴുവൻ പരീക്ഷിക്കുക - വരും കാലങ്ങളിൽ ലോകത്തിലുണ്ടാകുന്ന സാഹിത്യവും പരീക്ഷിക്കാം എന്നു കൂടി ഞാൻ ഉറപ്പിച്ചു തീർത്തുപറയുന്നു. എന്നാലും മറ്റൊരു സീതയെ കണ്ടുകിട്ടുകയില്ല. സീത നിസ്തുലയാണ്. എന്നെന്നേക്കുമായി ചിത്രീകരിക്കപ്പെട്ടതാണ് ആ സ്വഭാവം! പല രാമന്മാരും ഉണ്ടായിരുന്നിരിക്കാം. എന്നാൽ സീത ഒന്നേ ഉണ്ടായിട്ടുള്ളു. നേരായ ഭാരതീയവനിതാദർശ്ശമാണു സീത. സീതയുടെ ആ ഒരു ജീവിതത്തിൽ നിന്നാണ് തികവുറ്റ ഭാരതീയ വനിതാദർശങ്ങളെല്ലാം രൂപപ്പെട്ടിട്ടുള്ളത്. ഈ അനേകായിരം സംവത്സരക്കാലമെല്ലാം ആര്യാവർത്തത്തിലെ എല്ലാ പുരുഷന്മാരുടെയും സ്ത്രീകളുടെയും ശിശുക്കളുടെയും ആരാധനയെ സാധികാരം ആർജ്ജിച്ചുകൊണ്ട് സീത ഇതാ ഇവിടെ നിലകൊള്ളുന്നു. എക്കാലവും സീത അവിടെത്തന്നെയുണ്ടാകും. മഹനീയമായ ഈ സീത ക്ഷമാമൂർത്തി, കരുണാമൂർത്തി ! കഷ്ടതകൾ നിറഞ്ഞ ആ ജീവിതം പരാതിപ്പെടാതെ സഹിച്ച സീത, നിത്യ ചാരിത്ര്യവതിയും നിത്യശുദ്ധയുമായ പത്നി, സാമാന്യ ജനങ്ങളുടെ ആദർശം, ദേവന്മാരുടെ ആദർശം, ആ മഹതി, സീത നമ്മുടെ ജനതയുടെ അധിദേവതയായി എന്നും നിലകൊള്ളണം.

സ്വാമി വിവേകാനന്ദൻ

ചാണക്യനീതി ദർപ്പണം

ഭാഷാനുവാദം: ഡോ.ടി.എൻ. സതീശൻ

അർത്ഥനാശം മനസ്താപം ഗൃഹിണീ ചരിതാനി ച
നീചവാക്യം ചാപമാനം മതിമാൻ ന പ്രകാശയേത്

7–1

ഗൃഹസ്ഥൻ ഒരിക്കലും സ്വകാര്യദുഃഖങ്ങൾ അന്യരോടു വെളിപ്പെടുത്തരുത്. ധനനഷ്ടം, മാനസികക്ലേശം, പത്നിയുടെ ദുർന്നടപടികൾ, നീചന്മാരിൽ നിന്നുണ്ടായ അസഭ്യ ഭാഷണമോ അപമാനമോ ബുദ്ധിമാനായ വ്യക്തി ഒരിക്കലും മറ്റൊരാളോടു പറയരുത്. രഹസ്യമായി വെക്കേണ്ട വസ്തുതകൾ വെളിപ്പെടുത്തുന്ന വ്യക്തി സമൂഹമധ്യത്തിൽ പരിഹാസ്യനായിത്തീരും.

1001 മഹാഭാരതകഥകൾ

ഏകലവ്യൻ തള്ളവിരൽ ഛേദിച്ച് ദക്ഷിണ നൽകുന്നു

43

ഡോ. കെ. ചന്ദ്രശേഖരൻ നായർ

വൈശമ്പായനൻ തുടർന്നു- 'ജനമേജയാ ഭീഷ്മ പിതാമഹനാൽ ബഹുമാനിക്കപ്പെട്ട ദ്രോണാചാര്യർ സന്തുഷ്ടചിത്തനായി ഹസ്തിനാപുരത്തിൽ താമസിക്കാൻ തുടങ്ങി. ഭീഷ്മരാകട്ടെ ധനധാന്യസമൃദ്ധിയുള്ള കൊട്ടാരസദൃശ്യമായ ഒരു ഭവനം ദ്രോണാചാര്യർക്ക് വസിക്കാൻ നൽകി. ധൃതരാഷ്ട്രരുടെയും പാണ്ഡുവിന്റെയും പുത്രന്മാരെ ദ്രോണാചാര്യർ തുല്യവാത്സല്യത്തോടെ ശിഷ്യന്മാരായി സ്വീകരിച്ച് ധനുർവേദം പഠിപ്പിക്കാൻ തുടങ്ങി. കാലം കടന്നുപോയി. ഒരു ദിവസം ഓരോരോ ശിഷ്യന്മാരെയായി രഹസ്യമായി വിളിച്ച് ദ്രോണാചാര്യർ മനസ്സു തുറന്നു. എന്റെ മനസ്സിൽ ഒരു ആഗ്രഹം കുടികൊള്ളുന്നു. വിദ്യ അഭ്യസിച്ചു തീരുമ്പോൾ എന്റെ ആ ആഗ്രഹം നീ സഫലീകരിച്ചുതരുമോ? അർജ്ജുനൻ ഒഴികെ എല്ലാ രാജകുമാരന്മാരും മൗനം പൂണ്ടുനിന്നതേയുള്ളൂ. അർജ്ജുനനാകട്ടെ ഉത്സാഹപൂർവം നിവർന്ന് തലപൊക്കി നിന്ന് ആചാര്യന്റെ ഇച്ഛ പൂർത്തീകരിക്കും എന്ന് പ്രതിജ്ഞയെടുത്തു. ദ്രോണാചാര്യരുടെ സന്തോഷത്തിന് അതിരില്ലാതായി. അദ്ദേഹം അർജ്ജുനനെ വാരിപ്പുണർന്ന് നെഞ്ചോടു ചേർത്തു. ഗുരുവിന്റെ കണ്ണുകളിൽ നിന്നും ആനന്ദാശ്രുക്കൾ ഇറ്റിറ്റുവീണു. കൃതാർത്ഥതയുടെ തികഞ്ഞ ഭാവത്തോടെ അദ്ദേഹം പലവുരു അർജ്ജുനനെ ആപാദചൂഡം നോക്കിക്കണ്ടു. ഗുരുവിന്റെ നിർവൃതിയുടെ ആ നോട്ടങ്ങൾ അർജ്ജുനനിൽ ആത്മബലം വർദ്ധിപ്പിച്ചു.

ദ്രോണാചാര്യർ തന്റെ ശിഷ്യന്മാരായ രാജകുമാരന്മാർക്ക് നാനാതരത്തിൽപ്പെട്ട ദിവ്യങ്ങളും അലൗകികങ്ങളുമായ അസ്ത്രവിദ്യ ചൊല്ലിക്കൊടുത്തു. ആ സമയത്ത് അദ്ദേഹത്തിന്റെ ശിഷ്യന്മാരിൽ യദുവംശീയരും ദൂരദേശ രാജകുമാരന്മാരും ഉണ്ടായിരുന്നു. ദ്രോണാചാര്യരുടെ ശിഷ്യഗണത്തിൽ സൂതപുത്രനായ കർണ്ണനും ഉണ്ടായിരുന്നു. പഠിത്തത്തിലും പ്രയോഗകൗശലത്തിലും ബാഹുബലത്തിലും ശാസ്ത്രനൈപുണ്യത്തിലും അർജ്ജുനൻ മികച്ചുനിന്നിരുന്നു. തന്റെ മകനായ അശ്വത്ഥാമാവിനോടു സ്വാഭാവികമായും ദ്രോണർക്ക് വിശേഷ വാത്സല്യമുണ്ടായിരുന്നു. ജലാഹരണത്തിന് അശ്വത്ഥാമാവ് അടക്കമുള്ള ശിഷ്യന്മാർക്ക് ദ്രോണർ പാത്രങ്ങൾ കൊടുത്തയച്ചിരുന്നു. ഇതിൽ ഉള്ള് കുറഞ്ഞതായിരുന്നു അശ്വത്ഥാമാവിന് കൊടുത്തിരുന്ന പാത്രം. അതിനാൽ അയാൾ വേഗം വെള്ളം നിറച്ച് പാത്രവുമായി ദ്രോണാചാര്യരുടെ അടുത്തെത്തി അത്യന്തം രഹസ്യമായ വിദ്യ കൈക്കലാക്കിയിരുന്നു. എന്നാൽ അർജ്ജുനൻ ആ രഹസ്യശിക്ഷണത്തെ എന്നും സ്വന്തമാക്കിയിരുന്നു. വരുണാസ്ത്രബലം കൊണ്ട് തന്റെ പക്കലുള്ള പാത്രത്തിൽ വേഗം ജലംനിറച്ച് അദ്ദേഹം ആചാര്യന്റെ അടുക്കൽ ഓടിയെത്തിയിരുന്നു. അതിനാൽ ഗുരുപുത്രനായിരുന്ന അശ്വത്ഥാമാവിന് കിട്ടിയിരുന്ന വിദ്യയെക്കാൾ ഒട്ടും കുറവായിരുന്നില്ല അർജ്ജുനന് കിട്ടിയ വിദ്യയും. ഒരിക്കൽ ആഹാരം കഴിച്ചുകൊണ്ടിരുന്ന സമയത്ത് കാറ്റടിച്ച് വിളക്കു കെട്ടുപോയി. ഒരു തടസ്സവുമില്ലാതെ കൈകൊണ്ട് ഉരുട്ടിയ ഉരുളകൾ വായിലേയ്ക്ക് വീഴുന്നത് ഓർത്ത അർജ്ജുനൻ ഒരു കാര്യം നിശ്ചയിച്ച് ഉറച്ചു. ഒരു ലക്ഷ്യം കണ്ടെത്താൻ പ്രകാശത്തിന്റെ ആവശ്യം ഇല്ല. അത് അഭ്യാസംകൊണ്ടുതന്നെ സാധിക്കാം. ഈ ചിന്ത അർജ്ജുനനെ കൂരിരുട്ടിൽ ബാണ പ്രയോഗം നടത്താനുള്ള അഭ്യാസത്തിന് പ്രേരിപ്പിച്ചു.

ഒരു ദിവസം രാത്രി അർജ്ജുനന്റെ വില്ലിലെ ഞാണൊലി കേട്ട് ദ്രോണാചാര്യർ എണീറ്റ് വന്ന് അർജ്ജുനനെ കെട്ടിപ്പിടിച്ചുകൊണ്ടു പറഞ്ഞു-'കുഞ്ഞേ',നിന്നെക്കാളും വലിയൊരു ധനുർധരൻ ഈ ലോകത്ത് ഉണ്ടാകുകയില്ല. ആ തരത്തിൽ നിന്നെ ഞാൻ പഠിപ്പിച്ചെടുക്കും. ആചാര്യൻ രാജകുമാരന്മാർക്കെല്ലാം ആനയിലിരുന്നുള്ള യുദ്ധമുറകളും കുതിരയിൽ സവാരി ചെയ്തുകൊണ്ടുള്ള യുദ്ധതന്ത്രങ്ങളും രഥത്തിൽ ഇരുന്നുള്ള യുദ്ധകൗശലങ്ങളും തറയിൽ നിന്നുള്ള യുദ്ധനൈപുണ്യവും കൂടാതെ ഗദാ യുദ്ധരഹസ്യവും വാൾപയറ്റിന്റെ മർമ്മവും എല്ലാം ചൊല്ലിക്കൊടുത്തു. ഇതെല്ലാം അർജ്ജുനനെ പഠിപ്പിക്കുന്ന വേളയിൽ ദ്രോണാചാര്യർ പ്രത്യേക ശ്രദ്ധവച്ചിരുന്നു. ദ്രോണാചാര്യരുടെ പഠിപ്പിക്കുന്നതിലുള്ള കൗശലം ദേശദേശാന്തരങ്ങളിൽ എത്തി. വളരെ വിദൂരതയിൽനിന്നുള്ള രാജാക്കന്മാരും രാജകുമാരന്മാരും എല്ലാം ദ്രോണാചാര്യരെ തേടിയെത്താൻ തുടങ്ങി. അക്കൂട്ടത്തിൽ നിഷാദരാജനായ ഹിരണ്യധനുവിന്റെ പുത്രനായ 'ഏകലവ്യ'നും ഉണ്ടായിരുന്നു. അന്നത്തെ സാമൂഹ്യനീതി കണക്കിലെടുത്ത് ദ്രോണാചാര്യർ ഏകലവ്യനെ ശിഷ്യനായി സ്വീകരിച്ചില്ല. ഏകലവ്യൻ ദുഃഖംപേറി മടങ്ങിപ്പോയി. അയാൾ വനമധ്യത്തിൽ ദ്രോണാചാര്യരുടെ ഒരു മൺപ്രതിമയുണ്ടാക്കി. ആ പ്രതിമ ആചാര്യൻ തന്നെയെന്ന് വിചാരിച്ചുറച്ച് അതിന്റെ മുന്നിൽ അതീവശ്രദ്ധയോടുകൂടി സ്വയം അസ്ത്രവിദ്യ അഭ്യസിക്കാൻ തുടങ്ങി. അതിശയമെന്നു പറയട്ടെ അയാൾ അസ്ത്രവിദ്യയിൽ അത്യന്തം നിപുണനായി മാറി.

ഒരു ദിവസം ആചാര്യന്റെ അനുമതിയും വാങ്ങി രാജകുമാരന്മാരായ ശിഷ്യന്മാർ മൃഗയാവിനോദത്തിന് വനത്തിൽ പോയി. രാജകുമാരന്മാരോടുകൂടി ഒരു പട്ടിയെയും കൊണ്ട് ഒരു അനുചരനും പോയിരുന്നു. കാട്ടിൽ അല്പം അലഞ്ഞു നടന്ന ആ പട്ടി ഗുരുപ്രതിമയുടെ മുന്നിൽ ധനുർവേദം അഭ്യസിക്കുന്ന ഏകലവ്യന്റെ സ്ഥലത്തെത്തി. കറുത്ത് ഇരുണ്ടവനായിരുന്നു ഏകലവ്യൻ. അയാൾ ധരിച്ചിരുന്നത് കൃഷ്ണമാനിന്റെ ചർമ്മമാണ്. തലമുടി ജടകെട്ടിയതായിരുന്നു. പ്രാകൃതരൂപത്തിലുള്ള ഏകലവ്യനെക്കണ്ട് പട്ടി കുരയ്ക്കാൻ തുടങ്ങി. ഏകലവ്യൻ പട്ടിയുടെ വായിലേയ്ക്ക് ആറുബാണങ്ങൾ തൊടുത്തുവിട്ട് അതിന്റെ വായ് നിറച്ചു. ബാണങ്ങൾ ഒന്നും പട്ടിക്ക് മുറിവേല്പിച്ചിരുന്നില്ല. ബാണങ്ങൾ നിറഞ്ഞ വായുമായി പട്ടി പാണ്ഡവന്മാരുടെ അടുത്തുവന്നു.

പട്ടിയുടെ ശബ്ദനിരോധമാണ് ആ ബാണ പ്രയോഗത്തിലൂടെ ചെയ്തിരിക്കുന്നതെന്ന് പാണ്ഡവർക്ക് മനസ്സിലായി. ആരാണ് ഇത് ചെയ്തത് എന്ന് തെരക്കിച്ചെന്ന പാണ്ഡവന്മാർ വനത്തിൽ ഏകലവ്യനെ കണ്ടുമുട്ടി. ആ സമയം ഏകലവ്യൻ ഇടതടവില്ലാതെ ധനുർവേദത്തിലെ അഭ്യാസം നടത്തിക്കൊണ്ടിരുന്നു. പാണ്ഡവന്മാർ ചോദിച്ചപ്പോൾ താൻ ഏകലവ്യൻ ആണെന്നും ധനുർവിദ്യ അഭ്യസിക്കുകയാണെന്നും പറഞ്ഞു. ആചാര്യൻ ആരെന്ന ചോദ്യത്തിന് ഏകലവ്യൻ പറഞ്ഞത് ദ്രോണാചാര്യരുടെ പേരാണ്. പണ്ട് ദ്രോണാചാര്യരുടെ അടുക്കൽ ധനുർവേദം പഠിക്കാൻ വന്ന് തിരസ്കരിക്കപ്പെട്ട ആ ഏകലവ്യനാണ് ഇതെന്ന് രാജകുമാരന്മാർക്ക് മനസ്സിലായി. രാജകുമാരന്മാർ ഈ വൃത്താന്തം ദ്രോണാചാര്യരെ അറിയിച്ചു. അർജ്ജുനൻ അല്പം പരിഭവത്തോടെ ദ്രോണാചാര്യരോടു പറഞ്ഞു: 'അങ്ങ്, പലപ്പോഴും എന്നെ ആലിംഗനം ചെയ്ത് പറയാറുണ്ടല്ലോ എന്നെക്കാൾ വലിയ ഒരു ശിഷ്യൻ അങ്ങേയ്ക്കില്ലെന്ന്. എന്നാൽ അങ്ങയുടെ ശിഷ്യനായ ഈ ഏകലവ്യൻ എന്നെക്കാളും ഉയർന്ന നിലവാരം പുലർത്തുന്നവൻ തന്നെ. ശബ്ദം കേട്ട സ്ഥലത്തേയ്ക്ക് അമ്പ് എയ്ത് കൊള്ളിക്കുവാൻ അയാൾ സമർത്ഥനായിരിക്കുന്നു.' അർജ്ജുനന്റെ പരാതി കാതോർത്തു കേട്ട ദ്രോണർ അല്പസമയം കഴിഞ്ഞ് കുമാരന്മാരെയും കൂട്ടി വനത്തിലേയ്ക്ക് വന്നു.

കാട്ടിലെത്തിയ ദ്രോണർ ഒന്നിനു പിറകെ ഒന്നായി അസ്ത്രം വിട്ട് അഭ്യാസം നടത്തുന്ന ജടാവത്കലധാരിയായ ഏകലവ്യനെക്കണ്ടു. ശരീരം ചേറുനിറഞ്ഞതായിരുന്നു എങ്കിലും അതിൽ അയാൾക്കൊരു ശ്രദ്ധയും ഉണ്ടായിരുന്നില്ല. ആചാര്യനെക്കണ്ട മാത്രയിൽ ഏകലവ്യൻ അദ്ദേഹത്തിന്റെ സമീപം ഓടിവന്നു. ആ ഗുരുചരണങ്ങളിൽ അയാൾ ദണ്ഡനമസ്കാരം നടത്തി. വിധിപൂർവ്വകമായ പൂജാദികാര്യങ്ങൾ നടത്തിയശേഷം തൊഴുകൈയ്യോടെ നിന്ന് ഇനി താൻ എന്താണ് ചെയ്യേണ്ടത് എന്ന് വിനയപൂർവ്വം ദ്രോണരോട് അന്വേഷിച്ചു. ഈ അവസരത്തിൽ ദ്രോണാചാര്യർ പറഞ്ഞു: 'നീ സത്യസന്ധമായിട്ടും എന്റെ ശിഷ്യനാണെങ്കിൽ എനിയ്ക്ക് ഗുരുദക്ഷിണ തരുക'. ഗുരുവിന്റെ ആ ആവശ്യം ഏകലവ്യനിൽ ആനന്ദത്തിന്റെ ഓളങ്ങൾ ഒരുക്കി. ഏകലവ്യൻ പറഞ്ഞു: 'പ്രഭോ',അവിടുന്ന് കല്പിച്ച് അരുളിച്ചെയ്താലും. അങ്ങേയ്ക്ക് തരാൻ പാടില്ലാത്തതായിട്ട് ഒന്നും തന്നെ എന്റെ പക്കൽ ഇല്ല.' തൊഴുതുനില്ക്കുന്ന ഏകലവ്യനോടു ദ്രോണാചാര്യർ പറഞ്ഞു-'ഏകലവ്യാ, നീ നിന്റെ വലത്തെ കൈയ്യിലെ തള്ളവിരൽ മുറിച്ച് എനിക്ക് ഗുരുദക്ഷിണയായി തരുക.' സത്യവാദിയായ ഏകലവ്യൻ എന്നിലുള്ള എന്തും അങ്ങേയ്ക്ക് തരും എന്ന പ്രതിജ്ഞയിൽ ഉറച്ചുനിന്നു. അതുകൊണ്ട് അയാൾ ഉത്സാഹത്തോടും സന്തോഷത്തോടും കൂടി വലത്തെ കൈയ്യിലെ പെരുവിരൽ മുറിച്ച് ഗുരുപാദസമീപം വച്ചു. തള്ളവിരൽ അറ്റുപയോതോടെ ഏകലവ്യനുണ്ടായിരുന്ന ലക്ഷ്യച്ഛേദനകൗശലം നന്നെ കുറഞ്ഞുപോയി.

ഒരിക്കൽ തന്റെ ശിഷ്യന്മാരെ ഒന്നു പരീക്ഷിക്കാമെന്ന് ദ്രോണാചാര്യർ വിചാരിച്ചു. ശിഷ്യന്മാർ അറിയാതെ വൃക്ഷത്തിന്റെ മുകളിൽ അദ്ദേഹം ഒരു പക്ഷിയെ ഉണ്ടാക്കിവച്ചു. തുടർന്ന് അദ്ദേഹം രാജകുമാരന്മാരോടു പറഞ്ഞു: 'അമ്പും വില്ലുമായി നിങ്ങൾ പുറപ്പെടാൻ ഒരുങ്ങിക്കൊള്ളുവിൻ. ലക്ഷ്യം ഭേദിക്കാനുള്ള നിങ്ങളുടെ കൗശലം ഞാൻ ഒന്നു പരീക്ഷിക്കട്ടെ.'

വൃക്ഷത്തിൽ ഇരിക്കുന്ന യാന്ത്രിക പക്ഷിയെ ചൂണ്ടിക്കാട്ടി ദ്രോണർ ചോദിച്ചു- 'നിങ്ങൾക്ക് ഇതിന്റെ തലയിൽ അമ്പെയ്ത് കൊള്ളിക്കാമോ?' അദ്ദേഹം ആദ്യം യുധിഷ്ഠിരനെയാണ് വിളച്ചത്. യുധിഷ്ഠിരനോട് ദ്രോണാചാര്യർ ചോദിച്ചു:'യുധിഷ്ഠിരാ, നീ വൃക്ഷത്തിൽ ഇരിക്കുന്ന പക്ഷിയെ കാണുന്നുണ്ടോ?' 'കാണുന്നുണ്ട് പ്രഭോ' യുധിഷ്ഠിരൻ മറുപടി പറഞ്ഞു. 'നീ ആ വൃക്ഷവും കാണുന്നുണ്ടോ?' 'കാണുന്നുണ്ട് പ്രഭോ.' യുധിഷ്ഠിരൻ മറുപടി നൽകി.'എന്നെയും നിന്റെ സഹോദരന്മാരെയും നീ കാണുന്നുണ്ടോ?' ദ്രോണർ വീണ്ടും ചോദിച്ചു. 'അതെ സ്വാമിൻ! ഞാൻ ഈ വൃക്ഷത്തെയും അങ്ങയെയും സഹോദരന്മാരെയും കൂടി കാണുന്നു.' ദ്രോണാചാര്യർ ഒന്ന് പിൻതിരിഞ്ഞ് യുധിഷ്ഠിരനോടു പറഞ്ഞു-'കേറിപ്പോ അകത്ത്, നിനക്കീ ലക്ഷ്യം ഭേദിക്കാൻ പറ്റുകയില്ല.' ഇതിനുശേഷം ദുര്യോധനാദികളായ ഓരോരോ രാജകുമാരന്മാരെയായി ദ്രോണർ വിളിച്ചുവരുത്തി ഇതേ ചോദ്യങ്ങൾ ആവർത്തിച്ചു. യുധിഷ്ഠിരൻ പറഞ്ഞ ഉത്തരങ്ങൾ തന്നെയാണ് അവരെല്ലാം നൽകിയത്.

എന്നാൽ അർജ്ജുനനോടു ചോദിച്ചപ്പോൾ അയാൾ പറഞ്ഞു: 'ഗുരുദേവാ, ഞാൻ പക്ഷിയെ അല്ലാതെ മറ്റൊന്നിനെയും കാണുന്നില്ല.' ഉടൻ ദ്രോണർ പറഞ്ഞു-'കൊള്ളാം അർജ്ജുനാ എന്നാൽ ഒരു കാര്യംകൂടി പറയൂ ആ പക്ഷിയുടെ രൂപം എങ്ങനെയാണ്.' മറുപടിയായി അർജ്ജുനൻ പറഞ്ഞു:'ഞാൻ പക്ഷിയുടെ തല മാത്രമെ കാണുന്നുള്ളൂ. ആകൃതി എനിക്ക് അറിഞ്ഞുകൂടാ.'കുറിക്കു കൊള്ളുന്ന ഉത്തരം ശിഷ്യശ്രേഷ്ഠനിൽ നിന്നും കിട്ടിയതിൽ ആചാര്യൻ ആനന്ദപുളകിതനായി. തുടർന്ന് അദ്ദേഹം പറഞ്ഞു:'കുഞ്ഞേ',നീ ബാണം അയക്കുക.' ഞൊടിയിടയിൽ അർജ്ജുനന്റെ ബാണം പാഞ്ഞു ചെന്ന് പക്ഷിയുടെ ശിരസ്സ് ഛേദിച്ചു. ലക്ഷ്യം ഭേദിക്കാനുള്ള പരീക്ഷയിൽ അർജ്ജുനൻ വിജയശ്രീലാളിതനായിക്കണ്ട ദ്രോണർ മനസ്സിൽ ഒന്നുറപ്പിച്ചു. എന്നെ അവഹേളിച്ചിറക്കിവിട്ട വിശ്വാസവഞ്ചകനായ ദ്രുപദനോടു പകരം വീട്ടാൻ അർജ്ജുനൻ സമർത്ഥൻ തന്നെ.

ഒരു ദിവസം ഗംഗാസ്നാനം ചെയ്തുകൊണ്ടിരിക്കുമ്പോൾ ദ്രോണാചാര്യരെ ഒരു മുതല പിടികൂടി. അനായാസേന ദ്രോണാചാര്യർക്ക് പരസഹായം കൂടാതെ അതിൽ നിന്നും രക്ഷപ്പെടാമായിരുന്നു. എങ്കിലും അദ്ദേഹം ശിഷ്യന്മാരോടു വിളിച്ചുപറഞ്ഞു-'ഈ മുതലയെക്കൊന്ന് എന്നെ രക്ഷിക്കുക.' ഗുരുനാഥന്റെ അഭ്യർത്ഥന പൂർത്തിയായതും അർജ്ജുനൻ തുരുതുരായുള്ള അഞ്ച് ബാണ പ്രയോഗം കൊണ്ട് വെള്ളത്തിന് അടിയിലുള്ള മുതലയെ നിരോധിച്ചതും ഒപ്പമായിരുന്നു. മറ്റുള്ള രാജകുമാരന്മാരെല്ലാം കാര്യം എന്താണെന്ന് ചിന്തിച്ച് തങ്ങളുടെ ഇരിപ്പിടങ്ങളിൽ നിന്നും അപ്പോൾ എണീക്കുന്നതേ ഉണ്ടായിരുന്നുള്ളൂ. മുതല ചത്തുമലർന്നു.

ശിഷ്യന്റെ കഴിവിൽ ആമോദംപൂണ്ട ഗുരുനാഥൻ അയാളോടു പറഞ്ഞു: 'കുഞ്ഞേ', അർജ്ജുനാ ബ്രഹ്മശിരസ്സ് എന്ന അസ്ത്രത്തിന്റെ പ്രയോഗവും അതു പ്രയോഗിച്ചു കഴിഞ്ഞാൽപ്പോലും ആവശ്യമുണ്ടെങ്കിൽ പിൻവലിക്കാനുള്ള കഴിവും ഞാൻ നിനക്കു പകർന്നുതരാം. ധനുർവേദത്തിൽ ഈ അസ്ത്രവിദ്യയുടെ മൂല്യവും മഹത്വവും തിട്ടപ്പെടുത്തിയിട്ടില്ല. ഒരു മനുഷ്യജീവിക്കും ഇത് വശംവദമല്ല. ഈ പ്രപഞ്ചത്തെത്തന്നെക്കത്തി എരിച്ചുകളയാനുള്ള ശക്തി ഈ ബ്രഹ്മശിരോബാണത്തിനുണ്ട്.' തൊഴുകൈയ്യോടെ അർജ്ജുനൻ ഗുരുനാഥനിൽ നിന്നും ബ്രഹ്മശിരസ്സ് എന്ന അസ്ത്രം ഏറ്റുവാങ്ങി. ബ്രഹ്മശിരസ്സ് കൈയ്യിലേന്തി നില്ക്കുന്ന അർജ്ജുനന്റെ മുഖത്തു നോക്കി നിർവൃതി പൂണ്ട ആ ഗുരുനാഥൻ മന്ത്രിച്ചു:'ഈരേഴു പതിനാലു ലോകങ്ങളിലും ഇവനു സമനായ ഒരു ധനുർധരൻ ഇല്ലതന്നെ.'

നൈമിശാരണ്യം കുട്ടികളുടെ പംക്തി

ഗോവത്സപ്രിയൻ

ഹരിപ്രിയ

വാണീ ഗുണാനുകഥനേ,
ശ്രവണൗ കഥായാം
ഹസ്തൗ ച കർമ്മസു,
മനസ്തവ പാദയോർന്നഃ
സ്മൃത്യാം ശിരസ്തവ
നിവാസ ജഗത്പ്രണാമേ,
ദൃഷ്ടിഃ സതാം ദർശനേƒ
സ്തുഭവത്തനൂനാം.

കുട്ടികളേ, ഇത് ശ്രീമദ്ഭാഗവതത്തിലെ ഒരു പ്രധാന പ്രാർത്ഥനയാണ്. നാവ്, ചെവി, കയ്യ്, കാല്, മനസ്സ്, ശിരസ്സ്, കണ്ണ് തുടങ്ങിയ ഇന്ദ്രിയങ്ങളുടെ പ്രവർത്തനങ്ങളെല്ലാം ഭഗവന്മയമായിത്തീരട്ടെ എന്ന് അപേക്ഷിക്കുന്നു. ഇത് യുവതലമുറയുടെ പ്രാർത്ഥനയാണ്.

നളകൂബരനും മണിഗ്രീവനും കുബേരന്റെ മക്കൾ. ധനം കൊണ്ടുള്ള സുഖം നിസ്സാരമാണെന്ന് അനുഭത്തിലൂടെ അറിഞ്ഞ അവരുടെ പ്രാർത്ഥന നിങ്ങളും ഏറ്റുചൊല്ലുക. ഭാഗവതത്തിലെ ഒരു ശ്ലോകം പഠിക്കുന്നു എന്ന മഹത്വവും ഇന്ദ്രിയങ്ങളെ ദുർമ്മാർഗ്ഗത്തിൽനിന്ന് നിയന്ത്രിക്കാനുള്ള കഴിവും ഉണ്ടാവും. ഗോപീഗോപന്മാരുടെ നിരന്തരമായ പ്രാർത്ഥനയും കർമ്മവും ഇതുതന്നെയാണ്. ഭഗവാനുമൊത്തുള്ള അവരുടെ തീർത്ഥയാത്ര വൃന്ദാവനത്തിലെത്തിക്കഴിഞ്ഞു. ഗോപികൾ കൃഷ്ണലീലകൾ പാടുന്നു. ഗോപന്മാർ മൃദംഗം, വീണ ഇവയെല്ലാം മുഴക്കി താളം പിടിക്കുന്നു. ചിലർ കൊമ്പും കുഴലും ഊതുന്നു.

ഗോലോകകൃഷ്ണന്റെ വക്ഷസ്സിൽനിന്നുദിച്ച സുന്ദരവൃന്ദാവനം. പച്ചപ്പുല്ലുകൊണ്ട് മരതകത്തറത്തീർത്ത ഭൂമി. നിറയെ വനപുഷ്പങ്ങൾ. രത്നങ്ങൾ നിറഞ്ഞ കൊടുമുടി ഉയർത്തി ഗിരിരാജൻ ഗോവർദ്ധനം ഗോലോകനാഥന് സ്വാഗതമോതി. തെളിനീരൊഴുക്കുന്ന കാളിന്ദി ഹംസങ്ങളുടെ കൂകലിലൂടെ കുശലം പറഞ്ഞു; താമരമലരുകൾ വിടർത്തിച്ചിരിച്ചു. ഒരു കാമുകിയെപ്പോലെ ഭഗവാൻ പോകുന്നിടത്തെല്ലാം കുണുങ്ങിയൊഴുകിക്കൊണ്ട് കാളിന്ദീനദി കാണപ്പെട്ടു. ക്ഷിപ്രപ്രസാദികളല്ല രാമകൃഷ്ണന്മാർ എങ്കിലും വൃന്ദാവനഭംഗികണ്ട് അതിപ്രസന്നരായി.

കാളിന്ദി അർദ്ധചന്ദ്രാകൃതിയിൽ വളഞ്ഞൊഴുകുന്ന സ്ഥലം. അവിടെ ഗോപന്മാർ അതേ ആകൃതിയിൽ ഗൃഹങ്ങളും ഗോശാലകളും നിർമ്മിച്ചു. നടുവിൽ സർവ്വർക്കും കാണത്തക്ക രീതിയിൽ നന്ദഗോപരുടെ ഗൃഹം ഉയർന്നുനിന്നു-ഗ്രാമത്തിലെ ക്ഷേത്രം പോലെ. സത്സംഗത്തിനിരിക്കുമ്പോൾ വക്താവിന്റെ മുന്നിൽ ശ്രോതാക്കൾ അർദ്ധചന്ദ്രാകൃതിയിലിരിക്കുംപോലെ എന്നൊരുപമ പറയാറുണ്ട്. ശരീരങ്ങളെ ഗൃഹങ്ങളോടുപമിച്ചിരിക്കുന്നു.

ഗൃഹങ്ങൾ അടുത്തടുത്തായപ്പോൾ കുട്ടികൾക്കു സന്തോഷമായി. ശ്രീകൃഷ്ണൻ കൊച്ചുരാധ തുടങ്ങിയ എല്ലാ ഗൃഹങ്ങളിലേയും കുട്ടികളൊത്ത് ക്രീഡിച്ചു രസിച്ചു. ഒരു നാൾ കൃഷ്ണൻ നന്ദനോടു പറഞ്ഞു: "അച്ഛാ, ഒപ്പത്തിലുള്ള മുപ്പത്തിരണ്ടു കൂട്ടുകാരും, അടുത്തുള്ള ഗൃഹങ്ങളിലെ ഏട്ടന്മാരും കന്നുകുട്ടികളെ തീറ്റാൻ പോവ്വാണ്. ഞങ്ങളും പോകും."

''വേണ്ട; നിങ്ങൾക്കത്രയ്ക്കൊന്നും പ്രാപ്തിയായിട്ടില്ല. പന്ത്രണ്ടു വയസ്സെങ്കിലുമായിട്ട് വനത്തിൽ പോയാൽ മതി.'' നന്ദൻ പറഞ്ഞു. ശ്രീകൃഷ്ണൻ ഏട്ടനെ നോക്കി. "പന്ത്രണ്ടുവയസ്സിൽ കംസനെ തട്ടണം. അതിനുമുൻപു അവന്റെ ദുഷ്ടഭൃത്യന്മാരെ നശിപ്പിക്കണം. ശാഖകൾ അരിഞ്ഞിട്ട് മരം വെട്ടുന്നതുപോലെ. ആ ഭീകരന്മാർ ഗൃഹത്തിൽ വന്നാൽ അമ്മമാർ പേടിക്കും. നമുക്കവരെ വനത്തിൽ വച്ചു നിരപ്പാക്കണം."

പിന്നെതിരിഞ്ഞ് പരിഭവത്തോടെ നന്ദനോടു പറഞ്ഞു: '' ഇനി ഉണ്ണികൾക്ക് അച്ഛനോട് കൂട്ടില്ല." എന്നിട്ട് കൃഷ്ണൻ മുറ്റത്തിറങ്ങി. അവിടെ നിന്ന ഒരു പശുക്കുട്ടിയെ ഉമ്മവച്ച്, അതിന്മേൽചാരി, പാദം പിണച്ചുനിന്ന് കണ്ണൻ വേണുഗാനം ആരംഭിച്ചു. നന്ദൻ സർവ്വം മറന്നു; ആനന്ദാശ്രുവിൽ കുളിച്ചു. ഗാനം നിലച്ചപ്പോൾ അത്ഭുതദൃശ്യം.

കണ്ണന്റെ ചുറ്റും പശുക്കളും വല്ലവ-
പ്പെണ്ണുങ്ങളും തിങ്ങി നിന്നീടുന്നു.
വാനവനാരിമാരാകാശവീഥിയി-
ലാനന്ദമോടതു നോക്കിനില്പൂ
അക്ഷികളും ചിമ്മിപ്പക്ഷികൾ
തൽക്ഷണ-
മക്ഷീണാനന്ദമിയന്നീടുന്നു.

നന്ദൻ സന്തോഷത്തോടെ പറഞ്ഞു: "ശരി കണ്ണാ; സമ്മതിച്ചിരിക്കുന്നു. നിങ്ങൾക്ക് പശുവിനെ നിയന്ത്രിക്കാനറിയാം. പക്ഷേ, ഘോരവനം കണ്ട് പേടിയാവില്ലേ?" അപ്പോൾ ബലരാമൻ വലിയവർ പറയുംപോലെ ഒരു ഫലിതം പറഞ്ഞു: ''അച്ഛാ, ഞങ്ങൾക്ക് കാട്ടിൽ പോകാൻ ഒരു ഭയവുമില്ല. ഞങ്ങൾ കഴിഞ്ഞജന്മത്തിൽ ഒരുപാട് നാള് കാട്ടിൽ താമസിച്ചിട്ടുണ്ട്.'' ബലരാമന്റെ വാക്കും ഭാവവും ശ്രദ്ധിച്ച് നന്ദനും, അമ്മമാരും പൊട്ടിച്ചിരിച്ചു. അങ്ങനെ ഒടുവിൽ കുലത്തൊഴിൽ ചെയ്യാനനുവാദം കിട്ടി.

വെയിൽ കൊള്ളരുത്; പുഴയിൽ ചാടരുത്; സമയത്തിനുണ്ണണം.. അങ്ങനെ ഉപദേശശതകം. പിന്നെ അടുത്തുള്ള ഗൃഹത്തിലെ മുതിർന്ന കുട്ടികളെ വിളിച്ച് സർവ്വേശ്വരന്മാരുടെ സംരക്ഷണച്ചുമതല ഏൽപ്പിച്ചു. പ്രാർത്ഥനയോടെ നന്ദൻ നന്ദനന്മാരെ യാത്രയാക്കി.

ശ്രീനന്ദനന്ദനമഹം

അദ്ധ്യാത്മ രാമായണം



പാദപൂജാ വ്യാഖ്യാനം

ജഗദ്ഗുരു സ്വാമി സത്യാനന്ദസരസ്വതി

ബാലകാണ്ഡം -232

സത്സംഗംകൊണ്ടു ലഭിച്ചീടിന ഭക്തിയോടും
ത്വത്സേവാരതന്മാരാം മാനുഷർ മെല്ലെ മെല്ലെ
ത്വന്മായാരചിതമാം സംസാരപാരാവാരം
തന്മറുകരയേറീടുന്നിതു കാലംകൊണ്ടേ.

സത്സംഗം	-	സത്തുക്കളോടുള്ള ചേർച്ച
ത്വത്സേവാരതന്മാർ	-	നിന്നെ (ഭഗവാനെ) ഭജിക്കുന്നതിൽ തത്പരന്മാർ
ത്വന്മായാരചിതം	-	അങ്ങയുടെ മായയാൽ സൃഷ്ടിക്കപ്പെട്ടത്
സംസാരപാരാവാരംതൻ	-	സംസാരസമുദ്രത്തിന്റെ
മറുകര	-	മറുതീരം (സായുജ്യം)
ഏറീടുന്നു	-	എത്തുന്നു
കാലം കൊണ്ടേ	-	വളരെക്കാലം കൊണ്ട്

അജ്ഞാനത്തിൽനിന്നു ജ്ഞാനത്തിലേക്കു വളരുവാനുള്ള മാർഗം പരശുരാമൻ തന്നെ ലോകത്തിന്റെ അറിവിനുവേണ്ടി പ്രതിപാദിക്കുന്നു. സത്സംഗമാണ് ഭഗവദ്ഭക്തിക്കും തന്മൂലമുള്ള മുക്തിക്കും സഹായകമായിട്ടുള്ളത്. സത്തുക്കൾ സംഗരഹിതരും സമദർശികളുമാണ്. വിദ്യയും വിനയവും ദാനം ചെയ്യുന്നതിൽ അവർക്കുമടിയില്ല. വിനയവും വിദ്യയും നശിപ്പിക്കുന്ന വിവാദങ്ങളിൽ അവർ ഉൾപ്പെടുകയില്ല. ഇങ്ങനെ സജ്ജനസംസർഗ്ഗം ഉണ്ടാകുമ്പോൾ ക്രമേണ ഭഗവാനിൽ ഭക്തിയും അനന്തരം മുക്തിയും ലഭിക്കുന്നു. സംസാരസാഗരത്തിന്റെ മറുകരയെത്തുവാൻ ഭക്തിയാകുന്ന പൊങ്ങുതടി അവരെ സഹായിക്കുന്നു.